**SREE SANKARACHARYA UNIVERSITY OF SANSKRIT**
**Re Accredited by NAAC with A+ Grade**

**Kalady Post,**
Ernakulam Dist., Kerala –683574
Fax: 0484-2463480
Ph: 0484-2463380
Email:ssusreg@gmail.com

നം:10810/എസിഡി.ബി2/2022/എസ്.എസ്.യു.എസ്. തീയതി : 19.11.2022

പ്രേഷകൻ

രജിസ്ട്രാർ

സ്വീകർത്താവ്

---------------------------------------

അംഗം, അക്കാദമിക് കൗൺസിൽ
എസ്.എസ്.യു.എസ്., കാലടി.

സർ/മാഡം

വിഷയം : 14.09.2022-ന് നടന്ന 55-ാമത് അക്കാദമിക് കൗൺസിൽ യോഗം - അംഗീകരിച്ച നടപടിച്ചുരുക്കം അയയ്ക്കുന്നത് - സംബന്ധിച്ച്

14.09.2022 ന് രാവിലെ 11 മണിക്ക് നടന്ന 55-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിൻറെ അംഗീകരിച്ച നടപടിച്ചുരുക്കം താങ്കളുടെ അറിവിലേക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

രജിസ്ട്രാർ

ഉള്ളടക്കം : 55-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിൻറെ നടപടി ചുരുക്കം

* തിരുത്തലുകൾ വരുത്തിയ യൂ.ജി പ്രോഗ്രാമുകളുടെ റഗുലേഷൻസ് ഇ-മെയിൽ വഴിയായി ഇതോടൊപ്പം അയയ്ക്കുന്നു.

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

## കാലടി

## 55-ാമത് അക്കാദമിക് കൗൺസിൽ യോഗം

**14.09.2022**

## അംഗീകരിച്ച നടപടിച്ചുരുക്കം

श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## 55-ാമത് അക്കാദമിക് കൗൺസിൽ യോഗ നടപടിച്ചുരുക്കം

**തിയതി : 14.09.2022** **സമയം : 11 AM**

**സ്ഥലം : യൂട്ടിലിറ്റി സെന്റർ**

**പങ്കെടുത്തവർ**

| | | | |
|---|---|---|---|
| 1. | ഡോ.എം.വി. നാരായണൻ, വൈസ് ചാൻസലർ | - | ഒപ്പ് |
| 2. | ഡോ.കെ. മുത്തുലക്ഷ്മി, പ്രോ. വൈസ് ചാൻസലർ | - | ഒപ്പ് |
| 3. | ഡോ.എം.ബി. ഗോപാലകൃഷ്ണൻ, രജിസ്ട്രാർ | - | ഒപ്പ് |
| 4. | ഡോ.എം.മണിമോഹനൻ | - | ഒപ്പ് |
| 5. | ഡോ.ഡി. സലിംകുമാർ | - | ഒപ്പ് |
| 6. | പ്രൊഫ.മോഹൻദാസ് എസ്. | - | ഒപ്പ് |
| 7. | ഡോ.തോമസ് കെ. ജോബ് | - | ഒപ്പ് |
| 8. | ഡോ.ബിച്ചു എക്സ് മലയിൽ | - | ഒപ്പ് |
| 9. | ഡോ.വി.ജി.ഗോപാലകൃഷ്ണൻ | - | ഒപ്പ് |
| 10. | ഡോ.എം എസ്. മുരളീധരൻ പിള്ള | - | ഒപ്പ് |
| 11. | ഡോ. ശ്രീകല എം നായർ | - | ഒപ്പ് |
| 12. | ഡോ. സരിത ടി.പി. | - | ഒപ്പ് |
| 13. | ഡോ.ഉണ്ണികൃഷ്ണൻ പി. | - | ഒപ്പ് |
| 14. | ശ്രീമതി. രജിത അമ്പിളി കെ സി | - | ഒപ്പ് |
| 15. | ഡോ.കെ.യമുന | - | ഒപ്പ് |
| 16. | ഡോ. വി. ലിസ്സി മാത്യു | - | ഒപ്പ് |
| 17. | ഡോ.കെ.സി.അതൗള്ളാ ഖാൻ | - | ഒപ്പ് |
| 18. | ഡോ.ബാബു രാജൻ പി.പി. | - | ഒപ്പ് |
| 19. | ഡോ.എം.സത്യൻ | - | ഒപ്പ് |
| 20. | ശ്രീ ബാബു കെ. | - | ഒപ്പ് |
| 21. | ശ്രീമതി. സിന്ധു എസ് | - | ഒപ്പ് |
| 22. | ഡോ.അബു കെ.എം. | - | ഒപ്പ് |
| 23. | ശ്രീ. കെ.കെ. കൃഷ്ണകുമാർ | - | ഒപ്പ് |
| 24. | ഡോ.സുനിത ഗോപാലകൃഷ്ണൻ | - | ഒപ്പ് |
| 25. | ഡോ.ഷീബ കെ.എം. | - | ഒപ്പ് |
| 26. | ഡോ.സാജു ടി.എസ്. | - | ഒപ്പ് |
| 27. | ഡോ.സന്ധ്യ അരവിന്ദ് സി.എ. | - | ഒപ്പ് |
| 28. | ഡോ.ബിജു വിൻസെന്റ് | - | ഒപ്പ് |
| 29. | ഡോ. രാജി ബി നായർ | - | ഒപ്പ് |
| 30. | ഡോ.മിനി ടി. | - | ഒപ്പ് |
| 31. | ഡോ. അംബിക കെ.ആർ | - | ഒപ്പ് |

32. ശ്രീ ലൂക്കോസ് ജോർജ്ജ് - ഒപ്പ്
33. ഡോ. ചിത്ര പണിക്കർ - ഒപ്പ്
34. ഡോ. പി നാരായണൻ നമ്പൂതിരി - ഒപ്പ്
35. ഡോ. പി സനൽ മോഹന് - ഒപ്പ്
36. ഡോ. ശാന്തി നായർ - ഒപ്പ്
37. ഡോ. സി.എം മനോജ് കുമാർ - ഒപ്പ്
38. ശ്രീ. അരുൺജിത്ത് ടി.പി - ഒപ്പ്
39. പ്രവീണ കെ - ഒപ്പ്
40. അഹമ്മദ് കാസ്റ്റോ ഇ. എസ് - ഒപ്പ്
41. ഡോ. സി രാജേന്ദ്രൻ - (ഓൺലൈൻ)
42. ഡോ.കെ.ശ്രീലത - (ഓൺലൈൻ)
43. ഡോ. വി കെ ഭവാനി - (ഓൺലൈൻ)
44. ഡോ.കിരൺ എ യു - (ഓൺലൈൻ)
45. ഡോ.ഗീതാമണി അമ്മ എസ്. - (ഓൺലൈൻ)
46. ഡോ.മഞ്ജു ഗോപാൽ - (ഓൺലൈൻ)
47. ഡോ. ജോസ് ആന്റണി - (ഓൺലൈൻ)
48. പ്രൊഫ.എം.കുഞ്ഞിമൊയ്തീൻ കുട്ടി - (ഓൺലൈൻ)
49. ഡോ.ശിവദാസൻ പി. - (ഓൺലൈൻ)
50. ഡോ. വി വാസുദേവൻ - (ഓൺലൈൻ)
51. ഡോ.വിജയൻ വി.കെ - (ഓൺലൈൻ)

## I. അഭിസംബോധന(Introduction By the Chair)

**14.09.2022 തീയതിയിലെ 55-ാം അക്കാദമിക് കൗൺസിൽ യോഗത്തിലേക്കുള്ള വൈസ് ചാൻസലറുടെ റിപ്പോർട്ട്**

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

14.03.2022 തീയതിയിലെ 54-ാം അക്കാദമിക് കൗൺസിൽ യോഗത്തിനു ശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രശസ്ത മാർക്സിയൻ ചിന്തകനായ ഡോ. ഐജാസ് അഹമ്മദ്, കർഷക സമര നേതാവ് ശ്രീമതി. മല്ലു സ്വരാജ്യം, സംസ്ഥാന വനിതാകമ്മീഷൻ അധ്യക്ഷ ശ്രീമതി എം.സി ജോസഫൈൻ, പ്രമുഖ സിനിമാ സംവിധായകനും തിരകഥാകൃത്തുമായ ശ്രീ ജോൺ പോൾ, സർവകലാശാല പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിലെ ബിരുദ വിദ്യാർത്ഥിനിയായ കുമാരി അമേയ പ്രകാശ്, തുറവൂർ പ്രാദേശിക കേന്ദ്രം അവസാന വർഷ ബി.എ വിദ്യാർത്ഥി ശ്രീ അർജുൻ കെ.എസ്, സർവകലാശാലാ സർവ്വീസിൽ നിന്നും വിരമിച്ച സംസ്കൃത ജനറൽ വിഭാഗം അദ്ധ്യാപിക ഡോ. വി ബേബി, മുൻ ധനകാര്യ മന്ത്രിയായിരുന്ന ശ്രീ ടി. ശിവദാസമേനോൻ, പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞൻ പ്രൊഫ. കെ. ജെ. ജോർജ്, ഗോത്ര സമൂഹത്തിന്റെ ജീവിതത്തെയും, സംസ്കാരത്തെയും മലയാള സാഹിത്യത്തിന് പരിചയപ്പെടുത്തിയ പ്രമുഖ എഴുത്തുകാരൻ ശ്രീ. നാരായൺ എന്നിവരുടെ നിര്യാണത്തിലും കോവിഡ് 19 രണ്ടാം ഘട്ട വ്യാപനത്തിൽ ജീവൻ പൊലിഞ്ഞവരുടേയും, മറ്റ് കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

1. സംസ്കൃത സർവകലാശല വൈസ് ചാൻസലറുടെ അധിക ചുമതല വഹിച്ചിരുന്ന കോഴിക്കോട് സർവകലാശാല വൈസ് ചാൻസലറായ ഡോ. എം. കെ ജയരാജിൽ നിന്നും 2022 മാർച്ച് 8 ന് പ്രൊഫസർ (ഡോ.) എം. വി നാരായണൻ ഈ സർവകലാശാലയുടെ വൈസ് ചാൻസലറായി ചുമതല ഏറ്റെടുത്തു.

2. വിവിധ തീയതികളിൽ സർവകലാശാലയിലെ എല്ലാ ക്യാമ്പസ് ഡയറക്ടർമാർ/ വകുപ്പ് അദ്ധ്യക്ഷ/ അദ്ധ്യക്ഷന്മാർ/സെന്റർ കോർഡിനേറ്റർമാർ, ഗസ്റ്റ് ലക്ചറർമാർ ഉൾപ്പടെയുള്ള മുഴുവൻ അധ്യാപകരേയും വിദ്യാർത്ഥികളേയും അഭിസംബോധന ചെയ്ത് വൈസ് ചാൻസലർ സംസാരിച്ചു.

3. 2021 ലെ കേരള സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ച ഡോ. ആർ.എൽ.വി രാമകൃഷ്ണൻ (മോഹിനിയാട്ടം), ശ്രീമതി മഞ്ജു മേനോൻ (ലളിതഗാനം) എന്നിവരെ സംസ്കൃത സർവകലാശാലാ സമൂഹത്തിനുവേണ്ടി വൈസ് ചാൻസലർ ആദരിച്ചു.

4. അക്കാദമിക് കൗൺസിൽ യോഗം 16.03.2022 ന് നടന്നു.

5. സംസ്കൃത പ്രചാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനായി സെൻട്രൽ സാൻസ്കൃറ്റ് യൂണിവേഴ്സിറ്റിയുടെ അഷ്ടാദശി പ്രോജക്റ്റിലേക്ക് അയച്ചുകൊടുത്ത 2 പ്രൊപ്പോസലുകൾ അംഗീകരിക്കപ്പെടുകയും പരിഷ്കരിച്ച ബഡ്ജറ്റ് തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം 26.03.2022 ന് പുനഃസമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 32,50,000/- രൂപയുടെ ധനസഹായം ലഭിക്കുമെന്ന് ഉറപ്പാക്കിയതായി റിപ്പോർട്ട് ചെയ്യുന്നു.

6. സർവകലാശാലയുടെ ഡിസ്റ്റിങ്ക്യുഷ്ഡ് ലക്ച്ചർ പ്രോഗ്രാം പരമ്പരയിലെ ആദ്യ പ്രഭാഷണം അമേരിക്കയിലെ മിഷിഗൺ സർവകലാശാലയിലെ ലിംഗ്വിസ്റ്റിക്സ് വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സാവിത്രി നമ്പൂതിരിപ്പാട് 'മലയാളം എന്നാൽ..' എന്ന വിഷയത്തിൽ 2022 ഏപ്രിൽ 28 -ാം തീയതി നിർവഹിച്ചു.

7. 28.04.2022 ന് നെതർലന്റ്സിലെ Groningen സർവകലാശാലയിലെ Institute of Indian Studies ന്റെ ഡയറക്ടറായ യൂണിവേഴ്സിറ്റിയിലെ Dr. Elina Muciarelli യുമായി വൈസ് ചാൻസലർ പ്രാഥമിക ചർച്ച നടത്തുകയും പ്രസ്തുത സർവകലാശാലയുമായി ഒരു ധാരണാ പത്രം ഒപ്പിടുന്നതിന്റെ സാധ്യതയെക്കുറിച്ച് ആലോചിക്കുകയും ചെയ്തിട്ടുണ്ടെന്ന കാര്യം റിപ്പോർട്ട് ചെയ്യുന്നു.

8. 30.04.2022 ന് സർവകലാശാലയിൽ നിന്നും വിരമിച്ച അദ്ധ്യാപകരായ പ്രൊ. എം.വി നടേശൻ, പ്രൊഫ. ജെന്നി റപ്പായി, ഡോ ലലന, ഡോ. ഗീതാമണി അമ്മ, ഡോ. സുധർമ്മ എ.കെ, ഡോ. ഷാജി വി.എസ്, ഡോ. ആശാ ലത വി എന്നിവർക്കും വിരമിച്ച അനദ്ധ്യാപക ജീവനക്കാരനായ ശ്രീ മണികണ്ഠൻ ടി.പി യ്ക്കും സർവകലാശാലാ 29.04.2022 ന് യാത്രയയപ്പുനൽകി.

9. സർവകലാശാലയിലെ 2022 ലെ ശ്രീ ശങ്കര ജയന്തി ആഘോഷങ്ങൾക്ക് 05.05.2022 ന് തുടക്കം കുറിച്ചു. ഒന്നാം ഘട്ട ആഘോഷങ്ങളുടെ ഭാഗമായി 'The Place of Mathematics in the Creation of India's Cultural Identity' എന്ന വിഷയത്തിൽ ശ്രീ ശങ്കര വാർഷിക പ്രഭാഷണം മുംബൈയിലെ ടാറ്റാ ഇൻ സ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിലെ ഫിസിക്സ് വിഭാഗം മുൻ പ്രൊഫസർ ഡോ. പി.പി ദിവാകരൻ നിർവഹിച്ചു.

10. 06.05.2022 മുതൽ കലാമണ്ഡലം കൽപ്പിത സർവകലാശാല വൈസ് ചാൻസലറുടെ അധിക ചുമതല സംസ്കൃത സർവകലാശാല വൈസ് ചാൻസലർക്ക് നൽകി ചാൻസലർ കൂടിയായ ഗവർണർ ഉത്തരവായി.

11. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ സഹായത്തോടെ സർ വകലാശാലയിലെ ലൈബ്രറിയിൽ ഇലക്ട്രോണിക് പുസ്തകങ്ങളും ജേണലുകളും ഉപയോഗിക്കുന്നതിനുള്ള സംവിധാനമായ ' Knimbus' ആരംഭിച്ചു.

12. സർവകലാശാലയിലെ വിവിധ പി.ജി പ്രോഗ്രാമുകളിലേക്കുള്ള ഈ വർഷത്തെ പ്രവേശന പരീക്ഷകൾ ഷെഡ്യൂൾ അനുസരിച്ച് മെയ് 11 വരെ നടക്കുന്നതായി റിപ്പോർട്ട് ചെയ്യുന്നു.

13. തിരൂർ കുറ്റിപ്പുറം റോഡിൽ നിന്ന് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിലേക്ക് നേരിട്ടുള്ള റോഡിന്റെ ഉദ്ഘാടനം 07.05.2022 ന് വൈസ് ചാൻസലർ നിർവഹിച്ചു.

14. കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗമായ ഡോ. ജിജു. പി അലക്സ് 09.05.2022 ന് സർ വകലാശാല സന്ദർശിച്ചു. ഐ.ക്യു.എ.സി അംഗങ്ങളുമായി IDP യുടെ രൂപരേഖ തയ്യാറാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. കൂടാതെ സർവകലാശാലയിലെ ഫൈൻ ആർട്സ് വിഭാഗങ്ങളിലെ വകുപ്പ് അദ്ധ്യക്ഷന്മാരുമായി ആശയ വിനിമയം നടത്തുകയും, സർവകലാശാലക്ക് തനതായ ഫണ്ട് രൂപീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

15. കേരള സാഹിത്യ അക്കാദമി ഭരണസമിതി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട മലയാള വിഭാഗം പ്രൊഫ. ഡോ. സുനിൽ പി ഇളയിടം, ഗസ്റ്റ് അധ്യാപികയായ ഡോ. ആർ ശ്രീലത വർമ്മ എന്നിവരെ അഭിനന്ദിക്കുന്നു.

16. ഹിന്ദി പ്രചാരത്തിനും, സാഹിത്യ സമഗ്ര സംഭാവനകൾക്കുമായി ഏർപ്പെടുത്തിയ ഗംഗ ശരൺ സിങ് പുരസ്കാരത്തിന് അർഹയായായ ഹിന്ദി വിഭാഗം പ്രൊഫസർ ഡോ. ശ്രീലത കെ., 2022 ലെ ദേവി ശങ്കർ അവസ്തി സമ്മാൻ ലഭിച്ച ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അച്യുത നന്ദ മിശ്ര എന്നിവർക്കും, മാതൃഭൂമി വിഷു പതിപ്പ് 2022 കഥ, കവിത വിഭാഗങ്ങളിൽ പുരസ്കാരങ്ങൾ നേടിയ സർവകലാശാല വിദ്യാർത്ഥികളായ ശ്രീ. ഗോകുൽ ഗോപൻ, ശ്രീ.വിഷ്ണു മോഹൻ കെ. എന്നിവർക്കും അഭിനന്ദനങ്ങൾ .

17. സംസ്കൃത പ്രചാരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ പുരാതന ലിപികളെ ആസ്പദമാക്കി ഏഴ് ദിവസത്തെ ശില്പശാല 13.05.2022 മുതൽ 19.05.2022 വരെ പ്രമുഖ സംസ്കൃത പണ്ഡിതരെ ഉൾപ്പെടുത്തി നടത്തി.

18. 25.06.2022 മുതൽ സർവകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, ഭരണ വിഭാഗം ജീവനക്കാർക്ക് അക്കൗണ്ട്സിലും ഫയൽ മാനേജ്മെന്റ് ട്രാക്കിംഗ് സിസ്റ്റത്തിലും കാര്യക്ഷമത വരുത്തുന്നതിന് പഞ്ചദിന പരിശീലന ശില്പശാല (പ്രഗതി) സംഘടിപ്പിച്ചു.

19. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏർപ്പെടുത്തിയ പ്രഥമ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് സർവകലാശാലയിലെ മലയാളവിഭാഗം ഗവേഷക കുമാരി കെ. ആര്യ അർഹയായി. കുമാരി ആര്യയെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു.

20. ജോയിന്റ് രജിസ്ട്രാർ ആയി സേവനം ചെയ്ത ശ്രീ സി.സി ജോർജ്ജ്, ലൈബ്രറി അസിസ്റ്റന്റ് ശ്രീ ശ്രീകാന്തൻ ജി., ഓഫീസ് അറ്റൻഡർ ശ്രീ സ്വാമിദാസൻ ടി, പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീ തങ്കപ്പൻ എ, ശ്രീമതി എം.വി തങ്കമ്മ എന്നിവർ 31.05.2022 ന് സർവകലാശാലാ സേവനത്തിൽ നിന്നും വിരമിച്ചു. അവർക്ക് ഉചിതമായ യാത്രയയപ്പ് നൽകി.

21. 01.06.2022 ന് ബഹു. ചാൻസലർ ആയ ഗവർണർ സർവകലാശാലാ ഫാക്കൽട്ടി ഡീൻമാരെ നോമിനേറ്റ് ചെയ്ത് ഉത്തരവായി. സാൻസ്ക്രിറ്റ് ലിറ്ററേച്ചർ വിഭാഗത്തിൽ ഡോ. സി രാജേന്ദ്രൻ, സാൻസ്ക്രിറ്റ് ഗ്രാമർ വിഭാഗത്തിൽ ഡോ. പി നാരായണൻ നമ്പൂതിരി, ഇന്ത്യൻ മെറ്റാഫിസിക്സ് വിഭാഗത്തിൽ ഡോ. ഗീതാമണി അമ്മ എസ്, ഇന്ത്യൻ ലോജിക് വിഭാഗത്തിൽ ഡോ. വി വാസുദേവൻ, അദർ സാൻസ്ക്രിറ്റ് സ്റ്റഡീസ് വിഭാഗത്തിൽ ഡോ. എൻ.കെ സുന്ദരേശ്വരൻ, ഇൻഡോളജി വിഭാഗത്തിൽ ഡോ. അനിൽ കെ.എം, ഫോറിൻ ലാംഗ്വേജ് വിഭാഗത്തിൽ ഡോ. ചിത്ര പണിക്കർ, ആർട്സ് ആൻഡ് സോഷ്യൽ സയൻസ് വിഭാഗത്തിൽ ഡോ. സനൽ മോഹൻ പി. എന്നിവരെയാണ് നോമിനേറ്റ് ചെയ്തിരിക്കുന്നത്.

22. സർവകലാശാലയിലെ ഈ വർഷത്തെ വിവിധ പി.ജി പ്രോഗ്രാമുകളിലേക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് 17.06.2022 ന് പൂർത്തിയായി.

23. സർവകലാശാലയിലെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള റഗുലർ ക്ലാസ്സുകൾ സെമസ്റ്റർ അവധിക്ക് ശേഷം 01.06.2022 മുതൽ ആരംഭിച്ചു.

24. സർവകലാശാലയുടെ പ്രോ വൈസ് ചാൻസലറായി ഡോ. കെ. മുത്തുലക്ഷ്മി 22.06.2022 അപരാഹ്നത്തിൽ ചാർജ്ജ് എടുത്തു. ഡോ. ശ്രീകല എം. നായർ-നെ പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻ സിൽ നിന്നും അന്നേ ദിവസം വിടുതൽ ചെയ്തു. ഡോ. കെ മുത്തുലക്ഷ്മിയെ സിൻ ഡിക്കേറ്റിലേക്ക് സ്വാഗതം ചെയ്യുന്നു.

25. 28.06.2022 ന് ബഹു. ചാൻസലർ ആയ ഗവർണർ സർവകലാശാലാ ഫാക്കൽട്ടി ഡീൻമാരിൽ നിന്നുമുള്ള സിൻഡിക്കേറ്റ് അംഗമായി ഇൻഡോളജി വിഭാഗം ഫാക്കൽറ്റി ഡീൻ ഡോ. കെ.എം. അനിൽ -നെ നോമിനേറ്റ് ചെയ്ത് ഉത്തരവായി.

26. ഡീൻമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് അംഗമായ ഡോ. കെ. എം. അനിൽ - നെ സ്വാഗതം ചെയ്യുന്നു.

27. സർവകലാശാല പ്രസിദ്ധീകരിച്ച ഡോ. കെ.എസ് മീനാംബാളിന്റെ 'ഭ്രഷണ സാരശോഭ' 29.06.2022 ന് വൈസ് ചാൻസലർ പ്രകാശനം ചെയ്തു. പ്രസ്തുത ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫസർ മണിമോഹനൻ.എം അധ്യക്ഷത വഹിച്ചു.

28. 2022 അധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ ക്ളാസ്സുകൾ 30.06.2022 ന് ആരംഭിച്ചു.

29. 2022 അധ്യയന വർഷത്തെ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്കും ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ ആയുർവേദ പഞ്ചകർമ്മ, സ്പാ തെറാപ്പി പി.ജി ഡിപ്ളോമ കോഴ്സിലേക്കും ഉള്ള വിജ്ഞാപനം 01.07.2022 ന് പുറപ്പെടുവിച്ചു.

30. 2022 അഡ്മിഷൻ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി ജൂലൈ മാസം 06, 07, 08 തീയതികളിൽ ഒരു ത്രിദിന ഇൻഡക്ഷൻ പ്രോഗ്രാം ഐ.ക്യു.എ.സി സംഘടിപ്പിച്ചു. ഇതിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.

31. തൃശ്ശൂർ ആസ്ഥാനമായ അർണോസ് പാതിരി അക്കാദമി ഡയറക്ടർ 19.07.2022 ന് സർ വകലാശാല സന്ദർശിക്കുകയും മഹാനായ അർണോസ് പാതിരി (ജോൺ ഏണസ്റ്റ് ഹാങ്സ്ളേഡൻ) തയ്യാറാക്കിയ സംസ്കൃത വ്യാകരണത്തിന്റെ (ഗ്രമാറ്റിക്ക ഗ്രന്ഥോണിക്ക) കോപ്പി സർവകലാശാലയ്ക്ക് കൈമാറുകയും ഈ കൃതി സർവകലാശാലയുടെ നേതൃത്വത്തിൽ പുസ്തക രൂപത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കണമെന്നും ബിരുദ, ബിരുദാനന്തര ബിരുദ, വ്യാകരണ കോഴ്സുകളിൽ റഫറൻസ് പുസ്തകമാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്കൃത വ്യാകരണ വിഭാഗം മേധാവിയായ ഡോ. യമുന കെ യെ ഈ വിഷയം പരിശോധിച്ച് വിലയിരുത്തുന്നതിനായി ചുമതലപ്പെടുത്തിയിരുന്നു. ഇത് ഐ.ഡി.പി യുടെ സെൻറേസ് ആൻഡ് ലീന്യേജസ് ഓഫ് സാൻസ്ക്രിറ്റ് ലേണിംഗ് എന്ന ഫോക്കൽ തീമിന്റെ ഭാഗമായ പ്രോജക്ടായി ഏറ്റെടുക്കാവുന്നതാണെന്ന് ഡോ. യമുന അഭിപ്രായപ്പെടുത്തിയത് അനുസരിച്ച് പുസ്തകത്തിന്റെ ഡിജിറ്റൽ കോപ്പിയും അത് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിയും ലഭിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. 32. സർവകലാശാലയിലെ സംസ്കൃത പ്രചാരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2022 ജൂലൈ 29-ാം തീയതി സർവകലാശാലാ ആസ്ഥാനത്ത് സംഘടിപ്പിച്ച അഷ്ടാദശി പ്രോജക്ടിന്റെ ഭാഗമായുള്ള മാതൃകാ വിദ്യാലയ പദ്ധതി, ശ്രീനാരായണഗുരുവിന്റെ ആത്മോപദേശ ശതകത്തിന്റെ പുന:അച്ചടിക്കായുള്ള പദ്ധതി എന്നിവയുടെ ഉദ്ഘാടന കർമ്മം ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിച്ചു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച പ്രസ്തുത ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം അഡ്വക്കേറ്റ് പ്രേംകുമാർ എം.എൽ.എ, അങ്കമാലി എം.എൽ.എ. ശ്രീ.റോജി.എം.ജോൺ എന്നിവർ സംബന്ധിച്ചു. കൂടാതെ സർവകലാശാലയുടെ മുന്നോട്ടുള്ള പ്രയാണത്തിന് വലിയൊരു കാൽവയ്പായി കരുതുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ഡവലപ്മെന്റ് പ്ലാൻ (IDP) ന്റെ അവതരണ ചടങ്ങിലും ബഹു. മന്ത്രി പങ്കെടുത്തു.

33. സർക്കാർ നിയമിച്ച ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ട് സമർപ്പണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചടങ്ങിൽ വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ, രജിസ്ട്രാർ, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എം. മണിമോഹനൻ, ഡോ. ബിച്ചു. എക്സ് മലയിൽ എന്നിവർ പങ്കെടുത്തു. പരീക്ഷാ പരിഷ്കരണ റിപ്പോർട്ടിലെ അജണ്ടകളിന്മേലുള്ള ചർച്ചയിൽ പ്രോവൈസ് ചാൻസലർ സർവകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

34. സർവകലാശാലയിൽ ഐ.ഡി.പി യുടെ ഭാഗമായി ഫ്ളാഗ്ഷിപ് പദ്ധതിയായ എസ്.എസ്.യു.എസ് സെന്റർ ഫോർ അക്കാദമിക് റൈറ്റിങ്ങ് (SCAW) ആരംഭിച്ചു. സർവകലാശാലയിലെ വിവിധ വകുപ്പുകളിലെ അധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇരുപത് പിയർ ടീം അംഗങ്ങൾക്ക് ഭാഷാ വിവർത്തനം, അക്കാദമിക് റൈറ്റിങ്ങ് എന്നീ വിഷയങ്ങളിൽ രണ്ട് ഘട്ടങ്ങളിലായി ശിൽ പശാല സംഘടിപ്പിച്ചു. ഓഗസ്റ്റ് 10 -ാം തീയതി സംഘടിപ്പിച്ച ഒന്നാം ഘട്ട വർക്ക്ഷോപ്പിൽ മലയാള സർവകലാശാലാ വിസിറ്റിംഗ് പ്രൊഫസർ ഡോ. ഇ.വി ഫാത്തിമയും ഓഗസ്റ്റ് 16, 17, 18 തീയതികളിൽ നടന്ന രണ്ടാം ഘട്ട ശിൽപശാലയിൽ ഡൽഹി അശോക യൂണിവേഴ്സിറ്റി സംസ്കൃത വിഭാഗം പ്രൊഫസർ ഡോ. നരേഷ് കീർത്തിയും വിഷയ വിദഗ്ധരായി പങ്കെടുത്തു. മൂന്നാം ഘട്ട ശിൽപശാല കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലുമായി സഹകരിച്ച് ബ്രെയിൻ ഗെയിം പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

35. 2022-23 അദ്ധ്യയന വർഷത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നേരിട്ട് ഉന്നത വിദ്യാഭ്യാസത്തിന്റെ പുരോഗമനത്തിനായി വിഭാവനം ചെയ്ത പ്രോജക്റ്റ് മോഡിന്റെ ഭാഗമായി നമ്മുടെ സർവകലാശാല പി.ജി/പി.ജി ഡിപ്ലോമ പ്രോഗ്രാമുകളിലേക്കായി അഞ്ച് പ്രൊപ്പോസലുകൾ അനുമതിക്കായും ധനസഹായത്തിനായും ഓഗസ്റ്റ് 17 -ാം തീയതി പ്രസ്തുത വകുപ്പിലേക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

36. സിൻഡിക്കേറ്റ് അംഗമായ ഡോ. പി.വി രാമൻകുട്ടിയുടെ സാൻസ്ക്രിറ്റ് സെൻസിബിലിറ്റി ആൻ ഡ് മോഡേണിറ്റി എന്ന പുസ്തകം ഓഗസ്റ്റ് 22 -ാം തീയതി വൈസ് ചാൻസലർ സർ വകലാശാലയിലെ മീഡിയ സെന്ററിൽ പ്രകാശനം ചെയ്തു

37. കേരള സാഹിത്യ അക്കാദമിയുടെ 2021 ലെ സാഹിത്യ വിമർശനത്തിനുള്ള അവാർഡ് നമ്മുടെ സർ വകലാശാലയിലെ മലയാള വിഭാഗം മുൻ പ്രൊഫസർ ഡോ. അജയകുമാർ എൻ ന് ലഭിച്ചു. ഡോ. അജയകുമാറിന് അഭിനന്ദനങ്ങൾ.

38. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്തരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

## II. പരിഗണനയ്ക്കുള്ള വിഷയങ്ങൾ (items for Consideration)

1. **File No. എസിഡി.എ 1/10685/എസ്.എസ്.യു.എസ്/2021**

Ph.D in Painting എന്നത് "Ph.D in Visual Arts" എന്ന് പുനഃനാമകരണം ചെയ്യുന്നത് - സംബന്ധിച്ച്.

ആർട്ട് &സോഷ്യൽ സയൻസ് ഡീനിന്റെ അഭിപ്രായം കൂടി പരിഗണിച്ച് കൊണ്ട് 2021-2022 Ph.D പ്രവേശനം മുതൽ ആരംഭിച്ച "Ph.D in Painting" എന്നത് "Ph.D in Visual Arts "എന്ന് പുനഃനാമകരണം ചെയ്യുവാൻ തീരുമാനിച്ചു.

2. **File No. എസിഡി.എ 2/5622/എസ്.എസ്.യു.എസ്/2019**

മൗലാന ആസാദ് നാഷണൽ ഉറുദു യൂണിവേഴ്സിറ്റിയുടെ എംഫിൽ ഡിഗ്രിക്ക് തുല്യത സർട്ടിഫിക്കേറ്റ് അനുവദിച്ച തീരുമാനം സാധൂകരിക്കുന്നത് - സംബന്ധിച്ച്.

26/5/2022 ൽ കൂടിയ തുല്യതാ കമ്മിറ്റി, മൗലാനാ ആസാദ് നാഷണൽ ഉറുദു യൂണിവേഴ്സിറ്റിയുടെ എംഫിൽ ഉറുദു ബിരുദം ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ എം. ഫിൽ ഉറുദു ബിരുദത്തിന് തുല്യമായി തൊഴിലാവശ്യത്തിനും ഉന്നതപഠനത്തിനും പരിഗണിക്കാവുന്നതാണെന്ന ശിപാർശ അംഗീകരിച്ച് കൊണ്ട് 02/06/2022 ലെ U.O No. Acd A2/5622/SSUS/2019 എന്ന ഉത്തരവ് പ്രകാരം നടപ്പിലാക്കിയ വൈസ് ചാൻസിലറുടെ നടപടി സാധൂകരിക്കുവാൻ തീരുമാനിച്ചു.

3. **File No. ഇഎ/4513/2010/എസ്.എസ്.യു.എസ്**

Award Of Ph D to Various Candidates-reg.

07/03/2022/, 25/03/2022, 10/05/2022 എന്നീ തീയതികളിൽ കൂടിയ സിൻഡിക്കേറ്റ് 16 ഗവേഷകർക്ക് വിവിധ വിഷയങ്ങളിലായി Ph D അവാർഡ് ചെയ്യുവാൻ യോഗ്യരാണെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ടി 16 ഗവേഷകർക്കും Ph D ബിരുദം നൽകുവാൻ തീരുമാനിച്ചു.

4. File No. ഇസി/11501/എസ്.എസ്.യു.എസ്/2021

BA (CBCSS),BFA Degree Examinations April 2022 – Results Published – Reporting – Award of Degree– Reg.

വിഷയം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ബിരുദ ദാനം നൽകുവാൻ തീരുമാനിച്ചു.

(I) വിവിധ വകുപ്പുകളിലായി 2022 ഏപ്രിൽ മാസത്തിൽ നടത്തിയ 2019 പ്രവേശനം ബി. എ (CBCSS) പ്രോഗ്രാം വിദ്യാർത്ഥികൾ എഴുതിയ പരീക്ഷകളുടെ ഫൈനൽ റിസൾട്ട്, ബി. എ സംസ്കൃതം വേദാന്തം വിഭാഗം വിദ്യാർത്ഥികളുടെ റിസൾട്ട് ഉൾപ്പെടെ 15/06/2022 ന് പ്രസിദ്ധീകരിച്ചത് പരിഗണിച്ച് കുറിപ്പിൽ പരാമർശിച്ച Sanskrit Sahitya & Information Technology എന്നത് Sanskrit & Information Technology എന്ന രീതിയിൽ തിരുത്തലോടുകൂടി അംഗീകരിച്ചു.

(II) 27/07/2022 ൽ പ്രസിദ്ധീകരിച്ച ബി.എഫ്.എ ഡിഗ്രി (Regular) Examination, ഏപ്രിൽ 2022 പരീക്ഷാഫലം അംഗീകരിച്ചു.

(iii) അക്കാദമിക് കൗൺസിലിലേക്കുള്ള കുറിപ്പുകൾ കഴിവതും മലയാളത്തിലായിരിക്കണം എന്ന് തീരുമാനിച്ചു

5. File No. എസിഡി.സി2/12814/എസ്.എസ്.യു.എസ്/2019

സർവകലാശാലകൾ ഡിഗ്രി അവാർഡ് ചെയ്യുന്നത് സംബന്ധിച്ച യു. ജി. സി. നിർദേശം നടപ്പിൽ വരുത്തുന്നത് – സംബന്ധിച്ച്.

അക്കാദമിക് കൗൺസിൽ യോഗങ്ങൾ നാല് മാസത്തിൽ ഒരിക്കലെങ്കിലും കൂടി വിദ്യാർത്ഥികൾക്ക് കുറഞ്ഞ സമയത്തിനുള്ളിൽ ബിരുദ ദാനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

(III) <u>പ്രമേയങ്ങൾ (Resolutions)</u>

പി. ജി., യു. ജി റഗുലേഷനുകൾ ഇംഗ്ലീഷിനു പുറമേ മലയാളത്തിലും കൂടി പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അരുൺജിത്ത്. ടി. പി. അവതരിപ്പിച്ച്, ഡോ. പി. ഉണ്ണികൃഷ്ണൻ അനുവാദകനായ പ്രമേയം അംഗീകരിക്കുവാൻ തീരുമാനിച്ചു.

(IV) <u>Supplementary Agenda</u>

1. File No. 2061/എസിഡി.ബി2/2022/എസ്.എസ്.യു.എസ്

2016 അഡ്മിഷൻ ബി. എ സംസ്കൃതം വിദ്യാർത്ഥിക്ക് 1, 2 സെമസ്റ്ററുകളിൽ മലയാളം ഉപഭാഷയായി പഠിച്ച് പരീക്ഷ എഴുതുന്നത് – സംബന്ധിച്ച്

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ 2016 പ്രവേശനം ബി.എ സംസ്കൃതം വ്യാകരണ വിഭാഗം വിദ്യാർത്ഥി വിഷ്ണു. സി (രജി. നം. 16TI01VY22) ഒന്നും രണ്ടും സെമസ്റ്ററുകളിൽ ഹിന്ദിയും മൂന്നും നാലും സെമസ്റ്ററുകളിൽ മലയാളവും ഉപഭാഷയായി തിരഞ്ഞെടുത്തത് റഗുലേഷന് വിരുദ്ധമാകയാൽ അവ ക്രമപ്പെടുത്തുന്നതിനായി ടി വിദ്യാർത്ഥിക്ക് ഒന്ന്, രണ്ട് സെമസ്റ്ററുകളിൽ ഉപഭാഷയായ മലയാള വിഷയം 2016 റഗുലേഷൻ പ്രകാരമുള്ള സിലബസിൽ പഠിച്ച് പരീക്ഷ എഴുതുവാൻ അനുവദിച്ച നടപടി സാധൂകരിക്കുവാൻ തീരുമാനിച്ചു.

ഇത്തരം സംഭവത്തിൽ അക്കാദമിക് കൗൺസിൽ ആശങ്ക രേഖപ്പെടുത്തി.

2. **File No. എസിഡി.സി1/16073/എസ്.എസ്.യു.എസ്/2019**

**സർവകലാശാലയുടെ 2019 പി ജി റഗുലേഷനിൽ ഭേദഗതി വരുത്തുന്നത് – സംബന്ധിച്ച്.**

ഒരു പി. ജി ബിരുദം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് സർവകലാശാലയുടെ മറ്റൊരു പി. ജി. ബിരുദത്തിന് പ്രവേശനം നൽകുന്ന വിഷയം യോഗം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ നിർദേശിച്ചു.

(i) ടി വിഷയത്തിൽ മറ്റ് സർവകലാശാലയിൽ സ്വീകരിക്കുന്ന നടപടി റിപ്പോർട്ട് ചെയ്യുക.

(ii) ടി റിപ്പോർട്ട് ഉൾപ്പെടെ കരിക്കുലംറിസ്ട്രക്ച്ചറിംഗ് കമ്മിറ്റി പരിഗണിച്ച് ഭേദഗതി വരുത്തുന്നതിനായുള്ള ശിപാർശ സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുക.

3. **File No. ഇബി/3929/എസ്.എസ്.യു.എസ്/2022)**

**2022 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ/എം.എസ്.സി. പരീക്ഷകളിൽ വിജയികളായ വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത്- സംബന്ധിച്ച്.**

2022 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ/എം.എസ്.സി പരീക്ഷകളിൽ വിജയികളായ വിദ്യാർത്ഥികൾക്ക് ബിരുദം നൽകുവാൻ തീരുമാനിച്ചു

4. **File No. ഇബി/3929/എസ്.എസ്.യു.എസ്/2022**

**2022 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം. എ / എം.എസ്.സി. (റി- അപ്പിയറൻസ്) പരീക്ഷകളും, 1, 3 സെമസ്റ്റർ എം.എ/എം.പി.എസ്. (റി അപ്പിയറൻസ്/സീറോ സെമസ്റ്റർ) പരീക്ഷകളും വിജയിച്ച് ബിരുദാനന്തര ബിരുദ പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് – സംബന്ധിച്ച്**

2022 ഏപ്രീൽ മാസത്തിൽ നടന്ന 4-ാം സെമസ്റ്റർ എം. എ / എം.എസ്.സി. (റീ അപ്പിയറൻസ്) പരീക്ഷകളും 1, 3 സെമസ്റ്റർ എം.എ/എം.പി.എസ്. (റി അപ്പിയറൻസ്/സീറോ സെമസ്റ്റർ) പരീക്ഷകളും വിജയിച്ച വിദ്യാർത്ഥികൾക്ക് ബിരുദം നൽകുവാൻ തീരുമാനിച്ചു.

5. **File No. IQAC/3820/CAS/SSUS/2022**

**സർവകലാശാലയിലെ ലൈബ്രറി വിഭാഗത്തിൽ യു.ജി.സി ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ള തസ്തികകളിലെ Career Advancement Scheme (CAS) –ന് തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ കരട് അംഗീകരിക്കുന്നത് – സംബന്ധിച്ച്**

സർവകലാശാലയിലെ ലൈബ്രറി വിഭാഗത്തിലെ യു.ജി.സി ശമ്പള സ്കെയിൽ അനുവദിച്ചിട്ടുള്ള തസ്തികകളിലെ Career Advancement Scheme ന 2018 യു.ജി.സി റഗുലേഷനലിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി തയ്യാറാക്കിയ അനുബന്ധപ്രകാരമുള്ള കരട് Regulation for Career Advancement (CAS) for Assistant Librarian/Deputy Librarians – 2022 അംഗീകരിച്ചു.

6. **File No. എസിഡി.സി2/12090/എസ്.എസ്.യു.എസ്/2022)**

**ബി എ റഗുലേഷൻ പരിഷ്കരണം – സംബന്ധിച്ച്**

OBTLE സ്കീം പ്രകാരം തയ്യാറാക്കിയ നിലവിലെ ബി. എ. സംസ്കൃത പ്രോഗ്രാമുകളുടേയും സംഗീതം നൃത്ത വിഭാഗങ്ങളിലെ പ്രോഗ്രാമുകളുടേയും റഗുലേഷനിൽ നിലവിലെ പാഠ്യപദ്ധതിയിൽ ഇളവ് വരുത്താതെ 2022 ബിരുദ പ്രവേശനം മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു. (ബിരുദ പ്രോഗ്രാമുകളുടെ ഘടനയിൽ പൊതുവായി മാറ്റം വരുത്തി സംസ്കൃത പ്രോഗ്രാമുകൾക്ക് ഏകീകൃത സ്വഭാവം നിലനിർത്തുന്നതിനുള്ള നിർദേശം ഉയർന്നു വന്ന സാഹചര്യത്തിലാണ് റഗുലേഷനുകൾ പരിഷ്കരിക്കേണ്ടതായി വരുന്നത് എന്ന് വൈസ്- ചാൻസിലർ ആമുഖമായി പരാമർശിച്ചു). ബിരുദ പ്രോഗ്രാമുകളുടെ

റീസ്ട്രക്ച്ചറിങ്ങുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ബഹു. വൈസ് ചാൻസിലറെ നിർദേശപ്രകാരം ഡോ. എം. സത്യൻ താഴെ പറയും പ്രകാരം വിശദീകരിച്ചു.

സംസ്കൃതപ്രോഗ്രാമുകളുടേയും സംഗീതം, നൃത്തം പ്രോഗ്രാമുകളുടേയും 2020 മുതൽ ഒന്നിച്ചുള്ള ബി. എ. റഗുലേഷൻ ഇപ്പോഴത്തെ റീസ്ട്രക്ച്ചറിങ്ങിന്റെ ഭാഗമായി ബി. എ. സംസ്കൃത പ്രോഗ്രാമുകളുടേയും ബി.എ. സംഗീതം, നൃത്തം പ്രോഗ്രാമുകളുടേയും ആയി രണ്ട് റഗുലേഷനുകളായാണ് തയ്യാറാക്കിയിരിക്കുന്നത്. രണ്ട് റഗുലേഷനുകൾക്കും പൊതുവായി ബാധകമായിട്ടുള്ള പ്രധാനപ്പെട്ട നിർദേശങ്ങൾ ഇപ്രകാരമാണ്.

(i) 1 Credit= 1 hour എന്ന രീതിയിലാണ് കോഴ്സുകൾ പുനഃക്രമീകരിച്ചിരിക്കുന്നത്.

(ii) 1, 3, 5 എന്നീ Odd Semester വിദ്യാർത്ഥികളുടെ End Semester Assessment (ESA), Continuous Evaluation (CE) എന്നിവ അതത് വകുപ്പ് തലത്തിൽ തന്നെ പരീക്ഷകളും മൂല്യനിർണയവും നടത്തേണ്ടതാണ്

(iii) 2, 4, 6 എന്നീ Even Semester വിദ്യാർത്ഥികളുടെ ESA സർവകലാശാല തലത്തിൽ നടത്തേണ്ടതാണ്.

(iv) നിലവിലെ ബിരുദ പ്രോഗ്രാമുകൾക്കുള്ള ESA, CE എന്നിവയ്ക്കുള്ള അനുപാതം 80:20 എന്ന രീതിയിൽ നിന്നും 50:50 എന്ന രീതിയിലേക്ക് മാറ്റിയിട്ടുണ്ട്

(v) ഇവരുടെ കോഴ്സുകൾ 4 ക്രഡിറ്റ്, 3 ക്രഡിറ്റ്, 2 ക്രഡിറ്റ് എന്ന രീതിയിൽ ഡിസൈൻ ചെയ്യാവുന്നതാണ്

(vi) 4 ക്രഡിറ്റ് കോഴ്സുകൾക്ക് 100 മാർക്ക് (50:50 എന്ന അനുപാതത്തിൽ) പരീക്ഷാ ദൈർഘ്യം 2 1/2 മണിക്കൂറും 3 ക്രഡിറ്റ് കോഴ്സുകൾക്ക് 80 മാർക്ക് (40:40 അനുപാതം) 2 മണിക്കൂറും , 2 ക്രഡിറ്റ് കോഴ്സുകൾക്ക് 60 മാർക്ക് (30:30 അനുപാതം) 1 1/2 മണിക്കൂറും ആയാണ് നിശ്ചയിക്കേണ്ടത്.

(vii) ESA നും CE നും 35% വീതം പ്രത്യേകം പാസ്സ് മിനിമം വേണ്ടതാണ്.

(Viii) എബിലിറ്റി എൻഹാൻസ്മെ കോഴ്സുകൾ നിലവിലുള്ള 16 ക്രഡിറ്റ് കോഴ്സ് എന്നത് 8 ക്രഡിറ്റ് കോഴ്സായി ആയി കറച്ചിട്ടുണ്ട്. ഇത് ബി.എഫ്.എ ഉൾപ്പെടെയുള്ള എല്ലാ ബിരുദ പ്രോഗ്രാമുകൾ ക്കും 2022 പ്രവേശനം മുതൽ ബാധകമാണ്. ആദ്യ നാല് സെമസ്റ്ററുകളിലായി രണ്ട് ക്രഡിറ്റ് വീതം നൽകി 8 ക്രഡിറ്റുകൾ പൂർത്തിയാക്കേണ്ടത്.

(ix) എബിലിറ്റി എൻഹാൻസ്മെന്റ് ന്റ് കോഴ്സുകൾക്ക് ആകെ 60 മാർക്കാണ് (30:30 എന്ന അനുപാതം) നിശ്ചയിച്ചിരിക്കുന്നത്. ഫീൽഡ് വർക്ക് റിപ്പോർട്ട് / ഡോക്കുമെന്റേഷന് 15 മാർക്കും മോണോഗ്രാഫിന് 15 മാർക്കും ഉൾപ്പെടെ ആകെ 30 മാർക്കാണ് CE യ്ക്ക് ഉള്ളത്. ESA യ്ക്ക് 30 മാർക്ക്, ഒരു മണിക്കൂർ ദൈർഘ്യത്തിൽ ഒരു മാർക്ക് വീതമുള്ള 30 Multiple Choice Questions ആണുള്ളത്

(x) NCC കേഡറ്റുമാർക്ക് 24 ക്രഡിറ്റിനുള്ള NCC ഇലക്ടീവ് കോഴ്സ് നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.

**സംസ്കൃത പ്രോഗ്രാമുകൾക്ക് മാത്രമുള്ള നിർദേശങ്ങൾ**

കോമൺ കോഴ്സായ ഇംഗ്ലീഷിന് 22 ക്രഡിറ്റും അഡീഷണൽ ലാംഗ്വേജിന് 16 ക്രഡിറ്റും എന്നിങ്ങനെ ആകെ 38 ക്രഡിറ്റാണ് നിശ്ചയിച്ചിരിക്കുന്നത്. കോർ കോഴ്സുകളെ രണ്ടായി വിഭജിച്ച് കോർ കോഴസ് ഡിസിപ്ലിനറിയെന്നും കോർ കോഴ്സ് ഇന്റർഡിസിപ്ലനറി എന്നുമാക്കിയിട്ടുണ്ട്. കോർ കോഴസ് ഡിസിപ്ലിനറിയ്ക്ക് 50 ക്രഡിറ്റാണ് ഉള്ളത്. അതിൽ 4 ക്രഡിറ്റുള്ള ചോയിസ് ബേയിസ്ഡ് കോർ കോഴ്സും 2 ക്രഡിറ്റുള്ള പ്രോജക്ട് വർക്കും ഉൾപ്പെടും. കോർകോഴ്സ് ഇന്റർ ഡിസിപ്ലനറിയ്ക്ക് 30 ക്രഡിറ്റുമാണുള്ളത്. അങ്ങനെ ആകെ കോർകോഴ്സിന് 80 ക്രഡിറ്റും കോംപ്ലിമെന്ററി കോഴ്സിന് 20 ക്രഡിറ്റുമാണുള്ളത്. കോർ കോഴ്സ് ഇന്റർഡിസിപ്ലനറിയുടേയും കോംപ്ലിമെന്ററി കോഴ്സിന്റേയും ക്ലാസ്സുകൾ എല്ലാ സംസ്കൃത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും കൂടി ഒരു ബാച്ചിൽ കുറഞ്ഞത് 45 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ആവശ്യാനുസരണം ബാച്ചുകളിലായി ക്ലാസ്സുകൾ നടത്തേണ്ടതാണ്. കൂടാതെ 4 ക്രഡിറ്റിന്റെ ഓപ്പൺകോഴ്സും സീറോക്രഡിറ്റ് കോഴ്സായ ബ്രിഡ്ജ് കോഴ്സും സംസ്കൃത

പ്രോഗ്രാമുകളുടെ ഭാഗമായി വരുന്നതാണ്. ചോദ്യങ്ങളുടെ സ്കീമും മറ്റ് വിവരങ്ങളും റഗുലേഷനിൽ വിശദമായി നൽകിയിട്ടുണ്ട്.

<u>സംഗീതം, നൃത്തം പ്രോഗ്രാമുകൾക്ക് ബാധകമായത്</u>

Common Language, Additional Language, Open Course, Core Course, Complementary Course എന്നിവയുടെ ക്രഡിറ്റ് 136 ഉം, എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സിന്റെ ക്രഡിറ്റ് 8 ഉം കൂടി ആകെ 144 ക്രഡിറ്റാണ് നിശ്ചയിച്ചിട്ടുള്ളത്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ അംഗങ്ങൾ വിശദമായ ചർച്ച ചെയ്യുകയും താഴെ പറയും പ്രകാരമുള്ള നിർദേശങ്ങൾ അംഗീകരിക്കുവാനും തീരുമാനിച്ചു.

(i) Typing Error ഉള്ളവ തിരുത്തി 2022 പ്രവേശനം മുതൽ ബാധകമാക്കിയുള്ള ബി.എ സംസ്കൃത പ്രോഗ്രാമുകളുടേയും സംഗീതം നൃത്തം പ്രോഗ്രാമുകളുടേയും റഗുലേഷനുകൾ അംഗീകരിക്കുക.

(ii) ഓരോ പ്രോഗ്രാമിന്റേയും സിലബസുകൾ 2022 റഗുലേഷൻ അനുസരിച്ച് വേണ്ടുന്ന ക്രമീകരണങ്ങൾ വരുത്തി സർവകലാശാലയ്ക്ക് സമർപ്പിക്കുന്നതിന് വകുപ്പ് മേധാവികൾക്ക് ചുമതല നൽകിക്കൊണ്ട് സിലബസുകൾ അംഗീകരിക്കുന്നു.

(iii) ഡിപ്പാർട്ട്മെന്റ് തലത്തിൽ നടത്തേണ്ടുന്ന പരീക്ഷകളുടേയും മൂല്യനിർണ്ണയത്തിന്റേയും നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിശ്ചയിക്കുക

(iv) സർവകലാശാലയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചോരാതെ ബി.എഫ്.എ പ്രോഗ്രാമിന്റെ പാഠ്യപദ്ധതിക്ക് കോട്ടം തട്ടാത്ത രീതിയിൽ സിലബസ് പുനഃക്രമീകരിക്കുന്നതിനുള്ള നിർദേശം സമർപ്പിക്കുന്നതിന് വേണ്ടി ഒരു കമ്മിറ്റിയെ രൂപീകരിക്കുവാൻ പ്രോ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുക.

(v) നിലവിൽ ഹാൾ ടിക്കറ്റ് വിതരണം ചെയ്യുന്ന സമയത്താണ് വിദ്യാർത്ഥികളിൽ നിന്നും ഫീഡ്ബാക്ക് വാങ്ങുന്നത്. അതിനാൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ പരീക്ഷ നടത്തുമ്പോൾ ഫീഡ്ബാക്ക് വാങ്ങാനുള്ള ക്രമീകരണങ്ങൾ സ്വീകരിക്കുക.

(vi) സംസ്കൃത പ്രോഗ്രാമുകൾക്ക് ആകെ 150 ക്രഡിറ്റാണുള്ളത്. (കോമൺ കോഴ്സ് 38 ക്രഡിറ്റ്, കോർ കോഴ്സ് 80 ക്രഡിറ്റ്, കോംപ്ലിമെന്ററി കോഴ്സ് 20 ക്രഡിറ്റ്, ഓപ്പൺ കോഴ്സ് 4 ക്രഡിറ്റ്, എബിലിറ്റി എൻ ഹാൻ സ്മെന്റ് കോഴ്സ് 8 ക്രഡിറ്റ്) അതിൽ SGPA, CGPA നിർണ്ണയിക്കുന്നത് 142 ക്രഡിറ്റിലും, 8 ക്രഡിറ്റ് എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സിലും ആണുള്ളത്.

7. File No. 6200/എസിഡി.ബി1/എസ്.എസ്.യു.എസ്/2022

Approval of the restructured syllabus of UG Programmes from 2022 Admission onwards

ഉറുദു, ഹിന്ദി, മലയാളം എന്നീ വിഭാഗങ്ങളിലെ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി യോഗങ്ങൾ ബന്ധപ്പെട്ട സിലബസുകൾ പുനഃക്രമീകരിച്ചത് അംഗീകരിച്ചിട്ടുണ്ട് എന്ന് യോഗത്തിൽ വൈസ്ചാൻസലർ റിപ്പോർട്ട് ചെയ്തത് പരിഗണിച്ച് താഴെ പറയും പ്രകാരമുള്ള വകുപ്പുകളുടെ സിലബസുകൾ, റഗുലേഷൻ അംഗീകരിക്കുന്ന മുറയ്ക്ക് ആവശ്യമായ തിരുത്തലുകൾ വരുത്തുമെന്ന ധാരണയോടേ അംഗീകരിക്കുവാൻ തീരുമാനിച്ചു.

| നമ്പർ | വകുപ്പ് | കോഴ്സ് | ബോർഡ് ഓഫ് സ്റ്റഡീസ് യോഗ തീയതി | ഫാക്കൽറ്റി യോഗ തീയതി |
|---|---|---|---|---|
| 1 | Sanskrit Vyakarana | I&II Sem. Core & Complementary | 08/07/2022 | 08/07/2022 |
| 2 | Sanskrit General | I to IV Sem. Core &Complementary | 07/07/2022 | 12/07/2022 |

| | | | | |
|---|---|---|---|---|
| 3 | Sanskrit Sahitya | I to IV Sem. Core&Complementary | 07/07/2022 | 12/07/2022 |
| 4 | Sanskrit Nyaya | I to IV Sem. Core&Complementary | 12/07/2022 | 12/07/2022 |
| 5 | Sanskrit Vedanta | I to IV Sem. Core&Complementary | 02/07/2022 | 13/07/2022 |
| 6 | Music | I to VI Sem. Core & Complementary | 24/08/2022 | 27/08/2022 |
| 7 | Bharatanatyam | I to VI Sem. Core & Complementary. | 26/08/2022 | 27/08/2022 |
| 8 | Mohiniyattom | I to VI Sem. Core & Complementary | 25/08/2022 | 27/08/2022 |
| 9 | NCC | Elective Course for NCC Cadets | 19/08/2022 | |
| 10 | English | Common Course | 18/07/2022 | 05/08/2022 |
| 11 | Urdu | Addl. Language | 13/09/2022 | 13/09/2022 |
| 12 | Hindi | Addl. Language | 13/09/2022 | 13/09/2022 |
| 13 | Malayalam | Addl. Language | 13/09/2022 | 13/09/2022 |

**8. File No. എസിഡി.ബി1/10388 /എസ്.എസ്.യു.എസ്/2022**

**Bridge Course ബി എ സംസ്കൃതം വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങൾ അക്കാദമിക് കൗൺസിൽ അംഗീകരിക്കുന്നകത്- സംബന്ധിച്ച്.**

ബ്രിഡ്ജ് കോഴ്സിനെ പറ്റി വിശദീകരിക്കുവാൻ പ്രോ വൈസ് ചാൻസിലറിനോട് നിർദേശിച്ചു. പ്രാഥമിക സംസ്കൃതപഠനം ശക്തമാക്കി ഏകീകൃത സ്വഭാവത്തോടെ എല്ലാ സംസ്കൃത ബിരുദ വിദ്യാർ-ത്ഥികൾക്കും അറിവ് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി, കോമൺ സിലബസാണ് തയ്യാറാക്കിയിട്ടുള്ളത്. സംസ്കൃത ഭാഷ കേട്ട്, വായിച്ച്, സംസാരിച്ച് വിദ്യാർത്ഥികൾക്കിടയിൽ എഴുതുവാനുള്ള പ്രാവീണ്യം വളർത്തിയെടുത്ത് അടിത്തറ ശക്തിപ്പെടുത്തുന്നത് വഴി അവരുടെ ഉന്നത പഠനത്തിന് ഗുണകരമാകും. എല്ലാ സംസ്കൃത ബിരുദ വിദ്യാർത്ഥികളും നിർബന്ധമായും ചെയ്യേണ്ട ഈ കോഴ്സ് സീറോ ക്രഡിറ്റ് കോഴ്സ് ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആഴ്ചയിൽ 2 മണിക്കൂർ വീതം ആദ്യ 4 സെമസ്റ്ററുകളിലായാണ് ഈ പ്രോഗ്രാം നടത്തുവാൻ ഉദ്ദേശിക്കുന്നത്. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൻ അംഗങ്ങൾ വിശദമായി ചർച്ച ചെയ്തു. ചർച്ചയിൽ രൂപപ്പെട്ട നിർദേശങ്ങൾ താഴെ പറയുന്ന പ്രകാരം അംഗീകരിക്കുവാൻ തീരുമാനിച്ചു.

(i) സർട്ടിഫിക്കേറ്റ് നൽകുന്നതിന് സിലബസ് ആവശ്യമാണ് എന്നത് പരിഗണിച്ച് ബ്രിഡ്ജ് കോഴ്സിന് സംസ്കൃത ബിരുദ പഠനത്തിന് ക്രഡിറ്റുകളൊന്നും ഇല്ലാത്തതിനാൽ അവയുടെ സിലബസ് തയ്യാറാക്കി നടപ്പിലാക്കുവാൻ ഡോ. യമുന .കെ കൺവീനറായ മോണിറ്ററി കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു. ടി സിലബസ് അടുത്ത അക്കാദമിക് കൗൺസിലിൽ റിപ്പോർട്ട് ചെയ്യുവാനും നിർദേശിച്ചു.

(ii) പ്രാദേശിക കേന്ദ്രങ്ങളിൽ ബിരുദ പഠനത്തിൽ അഡീഷണൽ ലാംഗ്വേജായി ആയി സംസ്കൃതം പഠിക്കുവാനായി അവസരം നൽകുന്നതിനുള്ള നിർദേശം അംഗീകരിച്ചു.

**അഡീഷണൽ അജണ്ട**

1. **File No. ഇഡി/11607/എസ്.എസ്.യു.എസ്/2018**

**2022 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019/അഡ്മിഷൻ/2020 റി അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നത് -സംബന്ധിച്ച്.**

2022 വർഷത്തിൽ M.Phil പൂർത്തിയാക്കിയ 2019 അഡ്മിഷൻ/2020 റി അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിച്ച് അവർക്ക് ബിരുദം നൽകുവാൻ തീരുമാനിച്ചു.

2. **File No. എസ്ഡി.എ 1/2555/എസ്.എസ്.യു.എസ്/2017**

**പി.എച്ച്.ഡി റഗുലേഷൻസ് 2022 -സംബന്ധിച്ച്.**

Ph.D റഗുലേഷൻ 2022 വിശദമായി ചർച്ച ചെയ്തു. റഗുലേഷനിൽ അപാകതകളുണ്ടെങ്കിൽ അവ 10 ദിവസത്തിനുള്ളിൽ പ്രോ വൈസ് ചാൻസിലറെ അറിയിക്കേണ്ടതാണ്. പ്രോ വൈസ് ചാൻസിലർക്ക് ലഭിച്ച അത്തരം നിർദ്ദേശങ്ങളും അഭിപ്രായങ്ങളും Ph.D റെഗുലേഷൻസ് പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച കോർ കമ്മിറ്റിക്ക് മുൻപാകെ സമർപ്പിച്ച്, അക്കാദമിക് ഗവേഷണ സമൂഹവുമായി ചർച്ച ചെയ്ത്, ഭേദഗതികൾ വരുത്തിയ Ph.D റഗുലേഷൻ നടപ്പിലാക്കുവാൻ വൈസ് ചാൻസിലറെ ചുമതലപ്പെടുത്തി ഈ റഗുലേഷൻ അടുത്ത അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് സമർപ്പിക്കുവാനും യോഗം തീരുമാനിച്ചു.

ഗവേഷണ നിയാമവലി 2022 – മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിന് ഡോ. ലിസ്സി മാത്യുവിനെ ചുമതലപ്പെടുത്തി.

യോഗം 2 പി. എം ന് അവസാനിച്ചു.

ഒപ്പ്

വൈസ് ചാൻസലർ